**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3640 10.04.2013 - ൽ മറുപടിയ്ക്ക്

**<u>വൃക്കരോഗികൾക്ക് പ്രതിമാസ പെൻഷൻ</u>**

ചോദ്യം

ശ്രീ. ചന്ദ്രശേഖരൻ

ഉത്തരം

**ഡോ. എം.കെ. മുനീർ**
(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സാമൂഹ്യ സുരക്ഷാമിഷൻ മുഖേന വൃക്കരോഗികൾക്ക് പ്രതി മാസ പെൻഷൻ നൽകുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ പദ്ധതിയുടെ വിശദാംശ ങ്ങൾ വ്യക്തമാക്കാമോ; | (ബി) | കിഡ്നിക്ക് തകരാർ സംഭവിച്ച് മാസ ത്തിൽ ഒരു പ്രാവശ്യമെങ്കിലും ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന വർക്ക് പ്രതിമാസം 525/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നതാണ് സമാശ്വാസം പദ്ധതി .<br>മാസത്തിലൊരിക്കലെങ്കിലും സ്ഥിര മായി ഡയാലിസിസിന് വിധേയ രാകുന്ന ബി.പി.എൽ. കുടുംബാംഗ മായിരിക്കണം.<br>ആറുമാസമെങ്കിലും തുടർച്ചയായ ഡയാലിസിസ് ആവശ്യമുള്ളവരാ ണെന്ന് വൃക്ക രോഗ വിദഗ്ദ്ധർ സർട്ടിഫിക്കറ്റ് നൽകിയിരിക്കണം.<br>ഡയാലിസിസ് ചെയ്തുകൊണ്ടിരി ക്കുന്ന രോഗി വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയനായി ഡയാലിസിസ് അവസാനിപ്പിച്ചാൽ വൃക്കമാറ്റി വയ്ക്കൽ ശസ്ത്രക്രിയ ക്കുശേഷമുള്ള Immuno suppressive Treatment എടുക്കുന്ന കാലയളവിൽ പരമാവധി രണ്ട് വർഷം ധന സഹായത്തിന് അർഹതയുണ്ടായി രിക്കുന്നതാണ്. ഡയാലിസിസിന്റെ ഇടവേള ഒരു മാസത്തിൽ കൂടുതലാ ണെങ്കിൽ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.<br>മറ്റ് ധനസഹായം ലഭ്യമാകുന്ന വൃക്കരോഗികൾക്കും ഈ പ്രത്യേക ധനസഹായത്തിന് അർഹതയുണ്ടാ യിരിക്കും. |
| (സി) | എന്നുമുതൽ പദ്ധതി നടപ്പിൽ വരുമെന്നും ഇതിന് എത്ര തുക നീക്കിവെച്ചിട്ടുണ്ടെന്നും അറിയി ക്കാമോ? | (സി) | 01.04.2012 മുതൽ പദ്ധതിക്ക് പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. പദ്ധതിക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല |

R. Vijayan

സെക്ഷൻ ഓഫീസർ